ഫിഷർമെൻ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ

78 (4686) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഫിഷറീസ് വിദ്യാലയങ്ങളിൽ പഠിക്കുന്ന ഫിഷർമെൻ കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നല്കി വരുന്നത് ;

(ബി) ഫിഷറീസ് വകുപ്പ് ഈ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും ആനുകൂല്യം അനുവദിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിദ്യാഭ്യാസ വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് വിദ്യാലയങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ആനുകൂല്യങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നല്കുന്ന അതേ തോതിൽ ഫിഷറീസ് വകുപ്പ് നല്കി വരുന്നു. കൂടാതെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഹോസ്റ്റൽ സൗകര്യത്തോടുകൂടി 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. വിദ്യാഭ്യാസവും താമസസൗകര്യവും മറ്റും സൗജന്യമാണ്.

മത്സ്യകർഷക വികസന ഏജൻസികൾ

79 (4687) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ഡോ: തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര മത്സ്യ കർഷക വികസന ഏജൻസികൾ (എഫ്.എഫ്.ഡി.എ.) പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇക്കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഈ ഏജൻസികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ വിതരണം ചെയ്യുന്നതിന് സർക്കാർ ഹാച്ചറികളിൽനിന്ന് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാറുണ്ടോ ;

(ഡി) അപ്രകാരം ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യ ഏജൻസികളിൽനിന്ന് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങാറുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനകം സ്വകാര്യ ഏജൻസികളിൽനിന്ന് വാങ്ങിയ മത്സ്യക്കുഞ്ഞുങ്ങളുടെ കണക്ക് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ നിയന്ത്രണത്തിലുള്ള ഹാച്ചറികളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോന്നുവീതം 14 മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നു.

(ബി) മത്സ്യകർഷക വികസന ഏജൻസികൾ വഴി വിതരണം ചെയ്ത മത്സ്യക്കുഞ്ഞുങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	4,19,700
കൊല്ലം	86,740
ആലപ്പുഴ	6,93,722
കോട്ടയം	19,33,553
എറണാകുളം	4,01,800
പാലക്കാട്	1,62,137
തൃശ്ശൂർ	53,800
കോഴിക്കോട്	57,487
പൊന്നാനി	4,57,174
കണ്ണൂർ	1,06,200
കാസർഗോഡ്	10,000
പത്തനംതിട്ട	2,51,815
വയനാട്	1,48,875
ഇടുക്കി	3,84,900

(സി&ഡി) സർക്കാർ ഹാച്ചറികളിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാറുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ സ്വകാര്യ ഹാച്ചറികളിൽ നിന്ന് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങാറുണ്ട്. കഴിഞ്ഞ 2 വർഷത്തിനകം 9.45 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ സ്വകാര്യ ഹാച്ചറികളിൽനിന്ന് വാങ്ങിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നുണ്ട്.

ഫിഷറീസ് വകുപ്പ് വിതരണം ചെയ്ത ബോട്ടുകൾ

80 (4688) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെക്കനൈസേഷൻ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് മത്സ്യ തൊഴിലാളി സഹകരണ സംഘങ്ങൾ വഴി എത്ര ബോട്ടുകൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര ബോട്ടുകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത് ;